# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 275/2024 തിരുവനന്തപുരം, തീയതി: 10/12/2024

## പത്രക്കുറിപ്പ്

### കേരളസർവകലാശാലയുടെ വിവിധ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ

കേരളസർവകലാശാല വിദ്യാർത്ഥി സൗഹൃദ സേവനങ്ങളുടെ ഭാഗമായി 10.12.2024 മുതൽ താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

1) എലിജിബിലിറ്റി സർട്ടിഫിക്കറ്റ്
2) മൈഗ്രേഷൻ സർട്ടിഫിക്കറ്റ്
3) ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്സ്
4) പ്രോഗ്രാം ക്യാൻസലേഷൻ സർട്ടിഫിക്കറ്റ്
5) ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ്
6) സ്പെഷ്യൽ സർട്ടിഫിക്കറ്റ് – അഫിലിയേഷൻ സർട്ടിഫിക്കറ്റ് (വിദ്യാർത്ഥികൾക്ക്)
7) മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ സർട്ടിഫിക്കറ്റ്
8) ടി.സി. നോട്ട് ഇഷ്യൂഡ് (പ്രൈവറ്റ് ക്യാൻഡിഡേറ്റ്സ്)
9) സ്പെഷ്യൽ സർട്ടിഫിക്കറ്റ് – പ്രോഗ്രാം ഡ്യൂറേഷൻ സർട്ടിഫിക്കറ്റ്
10) സ്പെഷ്യൽ സർട്ടിഫിക്കറ്റ് – ഇന്റേണൽ ഇക്യുലൻസി സർട്ടിഫിക്കറ്റ്
11) കോളേജ് ട്രാൻസ്ഫർ – സർവകലാശാല ഉത്തരവ്

ഈ സേവനങ്ങൾ https://myapplications.keralauniversity.ac.in പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

മേൽപ്പറഞ്ഞ സേവനങ്ങൾ ഓഫ്ലൈനായും 31.12.2024 വരെ സർവകലാശാലയിൽ തുടരുന്നതാണ്.

## പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2024 ഡിസംബർ 12 മുതൽ ഡിസംബർ 20 വരെ നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ SDE (സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ) ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷയും ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷയും മാറ്റിവച്ചിരിക്കുന്നു. ഈ ദിവസങ്ങളിലെ പുനഃക്രമീകരിച്ച പരീക്ഷ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്. ഈ ദിവസങ്ങളിലെ മറ്റു കോഴ്സുകളുടെ പരീക്ഷകൾക്ക് മാറ്റമില്ല.

## മൂല്യനിർണ്ണയ ക്യാമ്പ് മാറ്റിവച്ചു

കേരളസർവകശാല 2024 ഡിസംബർ 13 ന് ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബി.എ, ബി.എസ്സി., ബി.കോം സി.ബി.സി.എസ്.എസ്/സി.ആർ. പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പ് മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് SLCM (2022 & 2021 അഡ്മിഷൻ വിദ്യാർത്ഥികൾ) www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി (2020 അഡ്മിഷൻ വിദ്യാർത്ഥികൾ) exams.keralauniversity.ac.in മുഖേനയും 2024 ഡിസംബർ 17 വരെ ഓൺലൈനായി അപേക്ഷിക്കാം. SLCM വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ബിസിനസ് ഇക്കണോമിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ഡിസംബർ 17 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിദ്യാർത്ഥി കളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. കമ്പ്യൂട്ടർ സയൻസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് (2021 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾ) www.slcm.keralauniversity.ac.in മുഖേനയും (2020 അഡ്മിഷൻ വിദ്യാർത്ഥികൾ) exams.keralauniversity.ac.in മുഖേനയും 2024 ഡിസംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റാ അനലിറ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ഡിസംബർ 13 ന് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ. (വിദൂരവിദ്യാഭ്യാസ വിഭാഗം – സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 & 2018 അഡ്മിഷൻ) പരീക്ഷകളുടെ പ്രാക്ടിക്കൽ 2024 ഡിസംബർ 17 ന് കാര്യവട്ടം, വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2024 ജൂണിൽ നടത്തിയ ബി.എ. (പാർട്ട് I & II) ആന്വൽ സ്കീം പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 ഡിസംബർ 11 മുതൽ 18 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ EJ V സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**